# ജയിക്കുക

## വെളിപ്പാട് 21:7

“ജയിക്കുന്നവന് ഇതു അവകാശമായി ലഭിക്കും. ഞാൻ അവനു ദൈവവും അവൻ എനിക്കു മകനുമായിരിക്കും.”

“ജയിക്കുന്നവന്” ഈ വാക്കിന്റെ ശക്തിയും പ്രാധാന്യവും ഏറെ ഗൗരവത്തോടെ ഏറ്റെടുത്ത് ജീവിക്കേണ്ട ഒരു കാലഘട്ടത്തിലാണ് നാം ആയിരിക്കുന്നത്. നാം ജീവിക്കുന്ന ഈ അന്ത്യനാളുകൾക്കായുള്ള ദൈവികസന്ദേശം ഒരൊറ്റ വാക്കിൽ സംക്ഷേപിക്കാം. ‘ജയിക്കുക’, എന്നാൽ എന്താണ് ജയിക്കേണ്ടത്, എവിടെയാണ് നാം ജയം നേടേണ്ടത് എന്നതാണ് മുഖ്യവിഷയം. ഏതുകാര്യത്തിലും നേട്ടവും, വിജയവും മാത്രം മുന്നിൽ കണ്ടുകൊണ്ട് മനുഷ്യൻ ഓടുന്ന കാഴ്ച മാത്രമാണ് നമുക്കു മുമ്പിലുള്ളത്. ഏതു മാർഗ്ഗവും ഉപയോഗിച്ച് തിന്മയെന്നോ, നന്മയെന്നോ മാറ്റിനിർത്തി വിവേചിക്കാതെ സ്വായത്തമാക്കുവാനും, ജയിക്കുവാനും വെമ്പൽ കൊള്ളുന്ന സമൂഹം, അതിനു മുമ്പിൽ ദൈവവചനം ശക്തമായി സംസാരിക്കുന്നു. ‘നീ ജയിക്കുക’, ജയിക്കുന്നവന് ലഭിക്കുന്ന പ്രതിഫലവും വ്യക്തമാക്കുന്നു. എത്ര ശ്രേഷ്ഠമേറിയ വാഗ്ദത്തവും ഉറപ്പുമാണ് നമുക്കു ലഭിക്കുന്നത്. അവൻ നമ്മുടെ ദൈവവും, വിശുദ്ധനായ ദൈവത്തിന്റെ പൈതലായി ജീവിക്കാനുള്ള മഹാഭാഗ്യവും. എന്നാൽ ഈ അവകാശം പ്രാപിച്ചെടുക്കാനുള്ള ആഗ്രഹത്തിലാണോ നമ്മുടെ ജീവിതത്തിന്റെ ഓട്ടം എന്ന് ഒരു നിമിഷം വചനത്തോട് ചേർന്നുനിന്ന് ചിന്തിക്കാം.

എന്തിനെ നമുക്ക് ജയിക്കണം? മനുഷ്യൻ പാപത്തിൽ വീണ നാൾ മുതൽ ഇന്നയോളം അവനോടുള്ള ദൈവത്തിന്റെ ആഹ്വാനം പാപത്തെ ജയിക്കുക, കീഴടക്കുക എന്നതത്രെ. കയീനോടു ദൈവം കല്പിച്ചു. ‘പാപം വാതിൽക്കൽ കിടക്കുന്നു, നീയോ അതിനെ കീഴടക്കണം (ഉൽപത്തി 4:7). ബൈബിളിലെ അവസാന പുസ്തകമായ വെളിപ്പാടു പുസ്തകത്തിൽ ഈ ആഹ്വാനം ആവർത്തിക്കപ്പെടുന്നു. ‘ജയിക്കുക, അതേ ജയിക്കുന്നവന്, പാപത്തെ കീഴടക്കുന്നവന് ദൈവീക വാഗ്ദത്തം അവകാശമായി ലഭിക്കുന്നു. പിതാവും മകനുമായുള്ള ഒരു നിത്യമായ അവകാശത്തിലേക്ക്, ബന്ധത്തിലേക്ക്, ഉറപ്പ് തരുന്ന ദൈവികവാഗ്ദത്തം. പുതിയ ആകാശവും പുതിയ ഭൂമിയും എന്ന മനോഹരമായ നിത്യതയുടെ ഉറപ്പാണ് ഈ അവകാശം എന്ന് വെളിപ്പാട് 21–ാം അധ്യായം ആദി മുതൽ വായിക്കുമ്പോൾ നമുക്ക് കാണാം. സകലവും പുതുതാക്കുന്ന, സിംഹാസനത്തിൽ ഇരിക്കുന്ന ദൈവികസാന്നിധ്യം നമ്മുടെ നിത്യമായ അവകാശമായി ലഭിക്കുന്ന പദ്ധതി എത്ര ശ്രേഷ്ഠവും വലിയതുമാകുന്നു.

അതേ, ദൈവത്തോടുള്ള കൂട്ടായ്മയിൽ നയിക്കപ്പെടുന്നതും അവിടുത്തെ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതുമായ ഒരു ജീവിതത്തിന്റെ തേജസ്സിനോടു തുലനം ചെയ്യാൻ യാതൊന്നും ഈ ഭൂമിയിൽ ഇല്ല. യേശുക്രിസ്തുവിന്റെ ഇഹലോക ജീവിതവും അതു മാത്രമാണ് നമ്മെ കാണിച്ചതും പഠിപ്പിച്ചതും. അത്ഭുതകരവും മഹത്വപൂർണ്ണവുമായ ഒരു ജീവിതാനുഭവം. കർത്താവ്, ലോകപ്രശസ്തനോ, അതിധനികനോ, മനുഷ്യരാലുള്ള പുകഴ്ച ലഭിച്ചവനോ ആയിരുന്നില്ല. എങ്കിലും തന്റെ ജീവിതത്തിലൂടെ ദൈവതേജസ്സിനെ അവിടുന്ന് പ്രതിഫലപ്പിച്ചു. അതേ തേജസ്സിനെ പ്രതിഫലിപ്പിച്ചുകൊണ്ട് ഒരു മഹത്വപൂർണ്ണവും, ദൈവികപദ്ധതികൾ നിറവേറ്റപ്പെടുന്നതുമായ ജീവിതത്തെ കാഴ്ചവെക്കാൻ തമ്പുരാൻ ആഹ്വാനം ചെയ്തിരിക്കുന്നു. ഭൗമികജീവിതത്തിലെ ഓരോ ദിനങ്ങളും പാപത്തെ കീഴടക്കി അതിൽ പൂർണ്ണജയം പ്രാപിച്ച ഒരുവനായി തീരണം എന്നുമാത്രമാകുന്നു ദൈവ ഹിതം.

അതേ, ഇഹലോകജീവിതത്തിൽ സമൂഹം വില കല്പിക്കുന്ന വലിയ കാര്യങ്ങളിലോ, പദവികളിലോ, ഔന്നിത്യങ്ങളിലോ ഒന്നും ഒരുപക്ഷേ നാം ആവില്ലെന്നുവരാം. ലോകം പരാജയം എന്നു പറഞ്ഞ് പിൻതള്ളുമ്പോഴും, നമുക്ക് ദൈവവചനത്തിന്റെ ഉറപ്പിൽ മുറുകെപ്പിടിച്ചുകൊണ്ട് ജീവിക്കാം. കർത്താവേ, ലോകം തള്ളിയാലും, പാപത്തെ കീഴടക്കി, അങ്ങയുടെ മുമ്പിൽ ഒരു ജയജീവിതം സമർപ്പിച്ചുകൊണ്ട് അവകാശത്തെ ഏറ്റു വാങ്ങുവാൻ കൃപ തരണമേ എന്ന പ്രാർത്ഥനയോടെ ദൈവകരങ്ങളിലേക്ക് സമർപ്പിക്കാം. ഈ നാളുകളിൽ ദൈവകൃപ ധാരാളമായി അതിനു കൂടിയേ തീരൂ. കർത്താവേ സഹായിക്കണമേ.

**പരാമർശം:**

യാക്കോബ് 4:7

ആകയാൽ നിങ്ങൾ ദൈവത്തിന്നു കീഴടങ്ങുവിൻ; പിശാചിനോടു എതിർത്തുനില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ടു ഓടിപ്പോകും.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 146**